# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

62 (*227) ബയോടെക്നോളജി പാർക്കുകൾ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ബയോടെക്നോളജിയും ബയോ ഇൻഫർമാറ്റിക്സും അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ബയോടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും എറണാകുളത്തും സ്ഥാപിക്കുന്നതിന് കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് ഈ മേഖലയുടെ വികസനത്തിനായുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ബയോടെക്നോളജി കൺസോർഷ്യം ഓഫ് ഇൻഡ്യാ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതികൾ വാണിജ്യവൽക്കരിക്കുന്നതിന് സ്വകാര്യ സംരംഭകർക്കു വേണ്ട പ്രോൽസാഹനവും ഈ പാർക്കുകളിൽ ചെയ്തു കൊടുക്കുന്നതാണ്. ജീവജാലങ്ങളുടേയും സസ്യജാലങ്ങളുടേയും പ്രകൃതിദത്തമായ ബയോ-റിസോഴ്സസിന്റെയും ലഭ്യത, കൃഷി, ഹോർട്ടികൾച്ചർ, ഫ്ളോറികൾച്ചർ, ഔഷധ ഉൽപ്പാദനം എന്നിവയ്ക്ക് ഉതകുന്ന സസ്യജാലങ്ങളുടെ കൃഷിക്കും പരിപാലനത്തിനും അനുയോജ്യമായ കാലാവസ്ഥ, കൃഷി, ഔഷധം, ജൈവസാങ്കേതിക വിദ്യ എന്നിവയിൽ ഉന്നത പരിശീലനം നേടിയ വൈഭവശാലികളായ മാനവശേഷിയുടെ ലഭ്യത, ജൈവസാങ്കേതിക വിദ്യയിൽ തുടർന്നുവരുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, കേരളത്തിന്റെ തനതായ ജൈവ കലവറയുടെ സാന്നിദ്ധ്യം, ജൈവ സാങ്കേതിക വിദ്യയ്ക്ക് അനുയോജ്യമായ കേരളത്തിലെ കാലാവസ്ഥ എന്നിവ ജൈവ സാങ്കേതിക വ്യവസായങ്ങൾക്ക്

വലിയ സാദ്ധ്യതയാണ് ഒരുക്കുന്നത്. ഇതിനായി 2002–2003 ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ 2001–ലെ വ്യവസായ നയത്തിൽ ബയോടെക്നോളജിയെ മുൻഗണനാ വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ ബയോടെക്നോളജിയിലുള്ള വികസനത്തിനുവേണ്ടി " ടീം ബയോ കൺവർജൻസ് " എന്ന പേരിൽ ബയോടെക് എക്സ്പേർട്ട്സ് ഉൾപ്പെട്ടിട്ടുള്ള ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ ബയോടെക്നോളജി വ്യവസായരംഗത്ത് നിക്ഷേപം സമാഹരിക്കുന്നതിനുവേണ്ടി വൻകിട ബയോടെക്നോളജി കമ്പനികളുമായി ചർച്ചകളും നടന്നുവരുന്നു. ബയോടെക്നോളജിയുടെ പ്രയോജനം ഉപയോഗപ്പെടുത്തി വയബിളായിട്ടുള്ള വ്യവസായങ്ങളെയും ആരോഗ്യം. വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഗവേഷണം പരിപോഷിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പുതിയ വ്യവസായ സംരംഭകർക്ക ്ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാണ്. യൂണിവേഴ്സിറ്റികളിൽ ബയോടെക്നോളജി അടിസ്ഥാനമാക്കി പുതിയ കോഴ്സുകൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനാർഹമാണ്. ബയോടെക്നോളജിയിൽ അഖിലേൻഡ്യാ തലത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ബാംഗ്ലൂരിൽ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ, കേരളത്തിന്റെ തനതായ ജൈവസമ്പത്ത് ഫോക്കസ് ചെയ്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം കൊടുത്തത്. . ഇതിന്റെ ഉപയോഗം വഴി അഗ്രോ ബേസ്ഡ് ഇൻഡ്ട്രീസ് കൂടുതൽ വ്യാപകമാക്കാനുദ്ദേശിക്കുന്നുണ്ട്. ബയോടെക്നോളജി വികസനത്തിനായി കേന്ദ്രഗവൺമെന്റ് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചിയിലെ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടിന് സംസ്ഥാന ഗവൺമെന്റ് 20 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മുന്നോട്ടുവരുന്ന ഏതൊരു സംരംഭകനും ഈ ഫണ്ടിൽനിന്ന് സാമ്പത്തിക സഹായം നൽകുന്നതാണ്. കൊച്ചിയിൽ ബയോടെക്നോളജി ഉപയോഗപ്പെടുത്തി ഒരു ഹെർബൽ പാർക്ക് ആരംഭിക്കുന്നതിന് ടാറ്റാഗ്രൂപ്പുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ബയോടെക്നോളജി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്ത് ഔഷധച്ചെടികൾ വളർത്തിയെടുക്കുന്നതിനും ഗവേഷണങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സാദ്ധ്യതകളെക്കുറിച്ച് ആരായുന്നതാണ്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്. ഫുഡ് പ്രോസസിംഗ് പാർക്ക്, ഫുഡ് പ്രോസസിംഗ് ആക്ടിവിറ്റീസ്, ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള പരിപാടികൾ തുടങ്ങിയവയ്ക്ക് വളരെയധികം ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

63 ( * 228 ) <u>വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിന് പ്രത്യേക പരിഗണന നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റോഡുകൾ, പാലങ്ങൾ, ചെറുകിട

തുറമുഖങ്ങൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ, വ്യവസായ പാർക്കുകൾ, മാർക്കറ്റുകൾ, ആശുപത്രികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, ഹോട്ടലുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിന് ആവശ്യമായിവരുന്ന ഭാരിച്ച മൂലധനച്ചെലവ് സർക്കാരിതര മാർഗ്ഗങ്ങളിലൂടെ കണ്ടെത്തേണ്ടത് അനിവാര്യമായതിനാൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിന് പ്രോൽസാഹനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഒരു നിയമം കൊണ്ടുവരുന്നതിന് വേണ്ടി സർക്കാർ 2001–ൽ 'കേരള അടിസ്ഥാന സൗകര്യ വികസന ബിൽ' നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന വളർച്ചയ്ക്ക് സംസ്ഥാന വ്യവസായ വകുപ്പിനു പുറമെ 'കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും' (കിൻഫ്ര) പങ്കുവഹിക്കുന്നു. കിൻഫ്ര നടപ്പാക്കിയതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ താഴെക്കൊടുക്കുന്നു:

| നമ്പർ | പാർക്കിന്റെ പേര് | സ്ഥലം |
|---|---|---|
| 1. | കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്ക് | മേനംകുളം, തിരുവനന്തപുരം |
| 2. | കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് | കഴക്കൂട്ടം, തിരുവനന്തപുരം |
| 3. | കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് | കാക്കനാട്, എറണാകുളം |
| 4. | ഐ.ടി. ബിൽഡിംഗ് – കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് | കാക്കനാട്, എറണാകുളം |
| 5. | കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക് | കാക്കാഞ്ചേരി, മലപ്പുറം |
| 6. | ഐ.ടി. ബിൽഡിംഗ് | കാക്കാഞ്ചേരി, മലപ്പുറം |
| 7. | <u>ചെറുകിട വ്യവസായ പാർക്കുകൾ</u> | |
| (എ) | ചെറുകിട വ്യവസായ പാർക്ക് | തുമ്പ, തിരുവനന്തപുരം |
| (ബി) | ചെറുകിട വ്യവസായ പാർക്ക് | മഴുവന്നൂർ, എറണാകുളം |
| (സി) | ചെറുകിട വ്യവസായ പാർക്ക് | തലശ്ശേരി, കണ്ണൂർ |
| (ഡി) | ചെറുകിട വ്യവസായ പാർക്ക് | ശീതഗോളി, കാസർകോഡ് |
| (ഇ) | ചെറുകിട വ്യവസായ പാർക്ക് | കൽപ്പറ്റ, വയനാട് |
| 8. | <u>സംയുക്ത സംരംഭങ്ങൾ</u> | |
| (എ) | ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് (വെസ്റ്റേൺ ഇൻഡ്യാ ഗ്രൂപ്പുമായി ചേർന്ന്) | കഞ്ചിക്കോട്, പാലക്കാട് |
| (ബി) | റബ്ബർ പാർക്ക് ഇൻഡ്യാ ലിമിറ്റഡ് (റബ്ബർ ബോർഡുമായി ചേർന്ന്) | ഐരാപുരം, എറണാകുളം |
| (സി) | മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി സെന്റർ (MPDA യുമായി ചേർന്ന്) | അരൂർ, ആലപ്പുഴ |
| (ഡി) | ഐ.സി.ഐ.സി.ഐ. – കിൻഫ്ര ലിമിറ്റഡ് ( ഐ.സി.ഐ.സി.ഐ യുമായി ചേർന്ന്) | തിരുവനന്തപുരം |
| 9. | <u>പുതിയ പദ്ധതികൾ</u> | |
| (എ) | ചെറുകിട വ്യവസായ പാർക്ക് | കുന്നത്താനം, പത്തനംതിട്ട |
| (ബി) | ചെറുകിട വ്യവസായ പാർക്ക് | കൊരട്ടി, തൃശ്ശൂർ |

| | | |
|---|---|---|
| (സി) | ബയോടെക്നോളജി പാർക്ക് | തിരുവനന്തപുരം, എറണാകുളം |
| (ഡി) | ഹൈടെക് പാർക്ക് | കളമശ്ശേരി, എറണാകുളം |
| (ഇ) | വ്യവസായ വികസന മേഖലകൾ | കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് |

പൊതുമേഖലയിൽ സാമ്പത്തിക പരാധീനതകൊണ്ട് നടപ്പിലാക്കാൻ സാധിക്കാത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ആകർഷിക്കുന്ന രീതിയായിരിക്കും സർക്കാർ അവലംബിക്കുന്നത്. അടിസ്ഥാന വികസന രംഗത്ത് വേണ്ട മുഴുവൻ സൗകര്യങ്ങളും സർക്കാരിനെക്കൊണ്ട് നിവർത്തിക്കാനാവില്ല. അതുകൊണ്ടാണ് ഈ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരാനുദ്ദേശിക്കുന്നത്. സ്വകാര്യ വ്യവസായികളെ ആകർഷിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ധന–വ്യവസായ–ഐ.റ്റി. സെക്രട്ടറിമാരടങ്ങുന്ന ഒരു എമ്പവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വയബിളായ പ്രോജക്ടുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സഹായം നൽകാമെന്ന് ബാങ്കധികൃതർ സമ്മതിച്ചിട്ടുണ്ട്. ഇത് കെ.എഫ്.സി.ക്കും കെ.എസ്.ഐ.ഡി.സി.ക്കും ബാധകമാക്കുന്നതാണ്. വയനാട് ഒരു ഹെർബൽ പാർക്ക് തുടങ്ങുന്നതിനെക്കുറിച്ചും കടലിൽനിന്ന് മണലെടുത്ത് ശുദ്ധീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോയെന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ഗ്ലോബൽ മീറ്റിൽ ഏറ്റവും കൂടുതൽ പ്രോജകുടുകൾ വന്നത് ടൂറിസം മേഖലയിൽനിന്നാണ്. എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ടുകൾ കൊടുക്കുകയാണ്. പരിസ്ഥിതി സംബന്ധിച്ച് കേരളത്തിൽനിന്നുതന്നെ ധാരാളം തടസ്സവാദങ്ങളുള്ളതിനാൽ പൂയംകുട്ടി പദ്ധതിക്ക് അനുമതി നൽകുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് അനുഭാവപൂർവ്വമായ നിലപാടല്ല ഉള്ളതെന്നും അതിനുപകരം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള മറ്റു പദ്ധതികൾക്ക് അനുമതി വാങ്ങുന്നതിന് ശ്രമിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി. കാസർകോഡു മുതൽ തിരുവനന്തപുരം വരെ ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനെക്കുറിച്ച് എച്ച്.എസ്.എസ്. ഫീഡ്ബാക്ക് എന്ന ഏജൻസി പഠനം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മരാമത്തുവകുപ്പുമന്ത്രി വ്യക്തമാക്കി. സ്വകാര്യ വ്യവസായ സംരംഭങ്ങളിൽ തൊഴിലാളികളെ വിശ്വാസത്തിലെടുക്കത്തക്ക സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളോട് സഹകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. കാക്കനാട് കിൻഫ്രാ പാർക്കിൽ എല്ലാ അടിസ്ഥാന സൗകര്യവും ആയിട്ടില്ലെന്നും ഇതു സംബന്ധിച്ച കരാർ ഉടനെ ഒപ്പുവയ്ക്കുന്നതാണെന്നും അതിലെ റോഡുനിർമ്മാണത്തെക്കുറിച്ച് മരാമത്തുവകുപ്പുമന്ത്രിയുമായി ചർച്ചചെയ്തുകൊണ്ടിരിക്കുകയാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

64 (*236) സഹകരണ നിക്ഷേപ സമാഹരണം

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2002 മാർച്ച് 1 മുതൽ 2002 ഏപ്രിൽ 15 വരെ നടത്തിയ സഹകരണ നിക്ഷേപ സമാഹരണം വഴി 855.20 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് അറിയിച്ചു.

65 (*248) സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളേജുകൾ

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ ഒരു മെഡിക്കൽ കോളേജും അഞ്ച് എൻജിനിയറിംഗ് കോളേജുകളും ഉൾപ്പെടെ ആറ് പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. തിരുവനന്തപുരം, കായംകുളം, ആറന്മുള എന്നീ സ്ഥലങ്ങളിൽ ഓരോ എൻജിനിയറിംഗ് കോളേജുകളും വടക്കൻ പറവൂരിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിന് ഒരു സഹകരണ കമമ്യൂണിറ്റി കോളേജും തിരുവനന്തപുരത്ത് വലിയതുറയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

66 (*252) ബാലവേല അവസാനിപ്പിക്കാൻ നടപടി

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ബാലവേല അവസാനിപ്പിക്കാൻ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഈ സൊസൈറ്റികൾ മുഖേന ബാലതൊഴിലാളികളുടെ പുനരധിവാസവും ക്ഷേമപ്രവർത്തനങ്ങളും നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 2001–02–ൽ പത്തു ലക്ഷം രൂപ എല്ലാ ജില്ലകളിലുമുള്ള സൊസൈറ്റികൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പദ്ധതി തുകയിൽനിന്നും പത്തു ലക്ഷം രൂപ വകയിരുത്താനും ഉദ്ദേശിക്കുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

93 (1243) ഗ്രീൻ ചാനൽ കൗണ്ടറുകൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഗ്രീൻ ചാനൽ കൗണ്ടറുകളിൽ 1311 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നു.

94 (1249) <u>ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾ</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകളിൽ ലഭിച്ച 246 അപേക്ഷകളിൽ 232 എണ്ണം തീർപ്പാക്കി. അപേക്ഷകൾക്ക് പരമാവധി 60 ദിവസത്തിനുള്ളിൽ ക്ലിയറൻസ് നൽകുന്നു.

95 (1255) <u>ടൈറ്റാനിയം ഓക്സൈഡ് ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

സംസ്ഥാനത്ത് ടൈറ്റാനിയം ഓക്സൈഡ് ഉല്പാദിപ്പിക്കുന്ന തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ സ്ഥാപിതശേഷി പ്രതിവർഷം 15000 ടൺ പിഗ്മെന്റും ചവറയിലെ കേരളാ മിനറൽസ് ആന്റ് മെറ്റൽസിന്റെ സ്ഥാപിതശേഷി 22000 മെട്രിക് ടൺ പിഗ്മെന്റുമാണ്. ടി.ടി.പി.യിൽ പ്രതിദിനം ശരാശരി 45 ടൺ പിഗ്മെന്റും കെ.എം.എം.എൽ. പ്രതിവർഷം ഏകദേശം 25000 മെട്രിക് ടൺ ടൈറ്റാനിയം ഡയോക്സൈഡും ഉല്പാദിപ്പിക്കുന്നു. വിപണിയിലെ ചില പ്രശ്നങ്ങൾ കാരണം ടി.ടി.പി.യിൽ ഉല്പാദിപ്പിച്ച 2352 മെട്രിക് ടൺ ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടക്കുന്നുണ്ട്.

96 (1279) <u>കൈത്തറി റിബേറ്റ് കുടിശ്ശിക</u>

കൈത്തറി റിബേറ്റ് കുടിശ്ശിക ഇനത്തിൽ ഉദ്ദേശം 15 കോടി രൂപ ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് നൽകാനുണ്ട്.

97 (1304) <u>തൊഴിലാളി ക്ഷേമ പദ്ധതികൾ</u>

സംസ്ഥാനത്ത് വിവിധ തൊഴിലാളികൾക്കുവേണ്ടി 14 ക്ഷേമ പദ്ധതികൾ നിലവിലുണ്ട്.

98 (1311) <u>എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള എസ്.സി. /എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ</u>

31–3–2002–ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ വിവിധ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 524,634 പട്ടികജാതിക്കാരും 30,871 പട്ടികവർഗ്ഗക്കാരും പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2001–02–ൽ 1879 പട്ടികജാതിക്കാർക്കും 205 പട്ടികവർഗ്ഗക്കാർക്കും ജോലി ലഭിച്ചിട്ടുണ്ട്.

99 (1314) എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി

30–4–2002 വരെ എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിൽ 418,946 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

100 (1318) തൊഴിൽത്തർക്കങ്ങളും ബോണസ് തർക്കങ്ങളും

സംസ്ഥാനത്ത് 2002 മേയ് 31 വരെ 1231 തൊഴിൽത്തർക്കങ്ങളും 24 ബോണസ് തർക്കങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയിൽ 2001 ഡിസംബർ 31 വരെ 2177 തർക്കങ്ങൾ പരിഹാരമാകാതെ കിടക്കുന്നുണ്ട്.

101 (1340) കെ.എസ്.ആർ.ടി.സി. യുടെ മൊത്തം കടം

2000–2001–ലെ താല്ക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.ക്ക് മൊത്തം 201.66 കോടി രൂപയുടെ കടമുണ്ട്.

102 (1376) വിനോദസഞ്ചാര സഹകരണ സംഘങ്ങൾ

മുൻഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച 13 വിനോദസഞ്ചാര സഹകരണസംഘങ്ങളിൽ 6 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു.

.....